مالايالم

# മഹാനായ യേശു

## المسيح عيسى بن مريم




لجنة التعريف بالإسلام
Islam Presentation Committee

مكتبة التنوير
ENLIGHTENMENT
BOOKSHOP

# മഹാനായ യേശു

# (المسيح عيسى بن مريم)

മാനവതയുടെ ഇഹപര ക്ഷേമമോക്ഷങ്ങൾക്ക് നിദാനമായ ദൈവിക മാർഗ്ഗദർശനത്തിന്റെ പ്രബോധകരും പ്രയോക്താക്കളുമായിരുന്നു ദൈവനിയുക്തരായ എല്ലാ പ്രവാചകരും. ഏകനും സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവമാണ് ഈ പ്രപഞ്ചമഖിലത്തിന്റെയും സ്രഷ്ടാവും പരിപാലകനും; അവൻ മാത്രമാണ് സകലത്തിന്റെയും ഉടമയും അധിപതിയും. അവന് ഭാര്യാസന്തതികളോ ബന്ധുക്കളോ പങ്കുകാരോ ഇല്ല; അവന്റെ വിധിവിലക്കുകളനുസരിച്ചാണ് മനുഷ്യനിവിടെ ജീവിക്കേണ്ടത്, എങ്കിൽ മാത്രമേ മനുഷ്യന് ഇഹത്തിലും പരത്തിലും ശാന്തിയും സമാധാനവും ക്ഷേമവും മോക്ഷവും സിദ്ധിക്കൂ. ഇക്കാര്യം ജനങ്ങളെ പഠിപ്പിക്കാൻ ദൈവത്താൽ നിയുക്തരായ മനുഷ്യരാണ് ഞങ്ങൾ. അതുകൊണ്ട് ഞങ്ങളെ വിശ്വസിക്കുക, അനുസരിക്കുക എല്ലാ പ്രവാചകന്മാരുടെയും മുഖ്യ പ്രബോധനം ഇതായിരുന്നു.

ദൈവനിയുക്തരാണ് തങ്ങളെന്ന് വ്യക്തമായ ദൃഷ്ടാന്തങ്ങളുമായാണ് ഓരോ പ്രവാചകനും ആഗതനായത്. ഈസാ അഥവാ യേശുക്രിസ്തുവും അതിന്നപവാദമായിരുന്നില്ല.

## ജനനം

യേശുവിന്റെ ജനനം തന്നെയും ഒരു ദൃഷ്ടാന്തമായിരുന്നു. ഒരു പുരുഷന്റെയും സ്പർശനമേൽക്കാത്ത കന്യകയായ മറിയം അദ്ദേഹത്തെ ഗർഭം ധരിച്ചു. മനുഷ്യജനനത്തിന് യഹോവ നിശ്ചയിച്ച പ്രകൃതി വ്യവസ്ഥയിൽനിന്നും അൽപം വ്യതിചലിച്ചുകൊണ്ടുള്ള യേശുവിന്റെ ജനനം, യഥാർത്ഥത്തിൽ സർവ്വശക്തനായ

ദൈവത്തിന്റെ അപാരമായ കഴിവുകളുടെ വ്യക്തമായൊരു ദൃഷ്ടാന്തമായിരുന്നു.

ആദിപിതാവായ ആദമിന്റേതിലുപരിയായൊരു പ്രത്യേകതയും യേശുവിന്റെ ജനനത്തിനില്ല. പിതാവില്ലാതെ ജനിക്കുക മൂലം യേശുവിന് ദൈവപുത്രപദവി ലഭിക്കുമെങ്കിൽ ആദമിന് ദൈവത്തിന്റെ സീമന്തപുത്രപദവി നൽകേണ്ടിവരും. എന്തുകൊണ്ടെന്നാൽ യേശു ജനിക്കുന്നതിന് എത്രയെ മുമ്പുതന്നെ മാതാവും പിതാവുമില്ലാതെയാണല്ലോ ആദം ജനിച്ചത്. യേശുവിന്റെ ജനനത്തിലോ, ഒരു പിതാവിന്റെ അഭാവം മാത്രമേയുള്ളുതാനും.

സുവിശേഷങ്ങളിലെ വിവരണങ്ങൾ യേശുവിന്റെ ജനനം പിതൃരഹിതമായിരുന്നു എന്ന് തെളിയിക്കാൻ പര്യാപ്തമല്ല. സുവിശേഷകന്മാരായ മത്തായിയും ലൂക്കോസും തങ്ങളുടെ സുവിശേഷങ്ങളിൽ യേശുവിന്റെ പിതൃപരമ്പരതന്നെ കൊടുത്തിരിക്കുന്നു. പിതാവില്ലാതെ ജനിച്ച ഒരാൾക്ക് പിതൃപരമ്പരയുണ്ടാകാൻ ന്യായമില്ലല്ലോ. ബൈബിളിന്റെ ചില പ്രാചീന പ്രതികളിലാവട്ടെ, ജോസഫായിരുന്നു യേശുവിന്റെ പിതാവ് എന്ന് വരെ രേഖപ്പെടുത്തിയിരിക്കുന്നു.

കേരള കാത്തലിക് ബിഷപ്പ് കൗൺസിലിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ 'ബൈബിൾ പുതിയ നിയമ'ത്തിൽ മത്തായി 1-ാം അദ്ധ്യായം 16-ാം വാക്യത്തിന് നൽകിയ അടിക്കുറിപ്പിലിങ്ങനെ കാണാം.

"മറ്റുചില കൈയെഴുത്തു പ്രതികളിൽ കന്യകയായ മറിയത്തിന്റെ പ്രതിശ്രുതവരനായ ജോസഫായിരുന്നു ക്രിസ്തുവെന്ന് വിളിക്കപ്പെടുന്ന യേശുവിന്റെ പിതാവ് എന്നു കാണുന്നു" -പേജ് : 3

സർവ്വശക്തനായ ദൈവത്തെ സംബന്ധിച്ചിടത്തോളം കന്യകയിൽ നിന്നെന്നല്ല ഒരു കല്ലിൽ നിന്നായാലും താനുദ്ദേശിക്കുന്നത് സൃഷ്ടിക്കാൻ ഒട്ടും പ്രയാസമില്ലെന്നും ബൈബിൾ ഉത്ഘോഷിക്കുന്നു.

"ഈ കല്ലുകളിൽ നിന്ന് അബ്രഹാമിന് മക്കളെ ഉളവാക്കുവാൻ ദൈവത്തിന് കഴിയും" (മത്തായി 3:9)

നിലത്തെ പൊടിയിൽനിന്ന് ആദമിനേയും ആദമിന്റെ വാരിയെല്ലുകൊണ്ട് ഹവ്വയേയും സൃഷ്ടിച്ച (ഉൽപത്തി 27, 22) വൃദ്ധയും മച്ചിയുമായ എലിസബത്തിൽ നിന്ന് യോഹന്നാനെ ജനിപ്പിച്ച (ലൂക്കോസ് 1:36), എബ്രായർ 7:3 ൽ പറയുംവിധം പിതാവും, മാതാവുമില്ലാത്ത, ദൈവപുത്രന് തുല്യനായി എന്നന്നേക്കും പുരോഹിതനായിരിക്കുന്ന മൽക്കീസേദകിനെ സൃഷ്ടിച്ച, അതേ ദൈവം പിതാവില്ലാതെ യേശുവിനേയും സൃഷ്ടിച്ചു. സ്രഷ്ടാവായ ദൈവത്തിന്റെ ശക്തിയും മഹത്വവുമാണ് ഇത് കാണിക്കുന്നത്. വിശുദ്ധ ഖുർആൻ വ്യക്തമാക്കിയതുപോലെ–

"അല്ലാഹുവിങ്കൽ ഈസായുടെ ഉദാഹരണം ആദമിനെ പോലെയാകുന്നു; ആദമിനെ അവൻ മണ്ണിൽനിന്ന് സൃഷ്ടിച്ചു; എന്നിട്ടതിനോട് 'ഉണ്ടാകുക' എന്ന് കൽപിച്ചു. അപ്പോഴദ്ദേഹം ഉണ്ടായി" (3:59)

## ദൈവപുത്രൻ

യേശുവെ ദൈവപുത്രനെന്ന് വിശേഷിപ്പിച്ചതായി ബൈബിളിൽ കാണാം. സ്നേഹാദരങ്ങളോടെയുള്ള ഒരലങ്കാരമെന്നതിലുപരി മറ്റൊരു വിവക്ഷയും ഇതിനില്ല. ബൈബിൾ പഴയ പുതിയ നിയമങ്ങളിൽ മറ്റുപലരേയും ഇപ്രകാരം വിശേഷിപ്പിച്ചതായി കാണാം. ചില ഉദാഹരണങ്ങൾ നോക്കുക.

'ഇസ്രായേൽ എന്റെ പുത്രൻ ആദ്യ ജാതൻ തന്നെ' (പുറപ്പാട് 4:23) 'ആദം ദൈവത്തിന്റെ മകൻ' (ലൂക്കോസ് 3:38) 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും' (മത്തായി 5:9)

'നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവക്ക് മക്കൾ ആകുന്നു' (ആവർത്തന പുസ്തകം 14:1)

'മനുഷ്യപുത്രൻ മനുഷ്യനാകുന്നത് പോലെ ദൈവപുത്രൻ ദൈവമാകുന്നു' എന്ന 'മിഷനറി സിദ്ധാന്ത' പ്രകാരം ഈ ദൈവപുത്രരെല്ലാം ദൈവങ്ങളാകുമെങ്കിൽ, അസംഖ്യം ദൈവങ്ങളെ സങ്കൽപിക്കേണ്ടിവരും. ബൈബിളിലുള്ള 'പിതാവ്', പുത്രൻ എന്നീ പ്രയോഗങ്ങൾ വാസ്തവത്തിൽ രക്ഷിതാവ്, ഇഷ്ടപ്പെട്ട ദാസൻ എന്നീ അർത്ഥങ്ങൾ മാത്രമേ ദ്യോതിപ്പിക്കുന്നുള്ളൂ. അല

കാരപദങ്ങളെന്നതിലുപരി മറ്റൊരു വിവക്ഷയും ഇതിലന്തർഭവിച്ചിട്ടില്ല. മാത്രമല്ല, ക്രിസ്തു സ്വയം വിശേഷിപ്പിച്ചിരുന്നതും ദൈവപുത്രൻ എന്നല്ല. മനുഷ്യ പുത്രൻ എന്നായിരുന്നു. സുവിശേഷങ്ങളിലെ നിരവധി വാക്യങ്ങൾ ഇത് സ്പഷ്ടമാക്കുന്നുണ്ട്. ദൈവപുത്രൻ എന്നതിന്റെ ശരിയായ പൊരുൾ യേശുതന്നെ വിശദീകരിക്കുന്നത് നോക്കുക.

'യേശു അവരോട്: നിങ്ങൾ ദേവന്മാർ ആകുന്നു എന്ന് ഞാൻ പറഞ്ഞു എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ? ദൈവത്തിന്റെ അരുളപ്പാടുണ്ടായിട്ടുള്ളവരെ ദേവന്മാർ എന്ന് പറഞ്ഞു എങ്കിൽ, തിരുവെഴുത്തിന് നീക്കം വന്നുകൂടായല്ലോ. ഞാൻ ദൈവത്തിന്റെ പുത്രൻ എന്ന് പറഞ്ഞത്കൊണ്ട് നീ ദൈവദൂഷണം പറയുന്നു എന്ന് പിതാവ് വിശുദ്ധീകരിച്ച് ലോകത്തിൽ അയച്ചവനോട് നിങ്ങൾ പറയുന്നുവോ?' (യോഹന്നാൻ 10:34–36)

മറ്റൊരിക്കൽ ക്രിസ്തു പറഞ്ഞു: 'എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു; എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോട് പറയുക' (യോഹന്നാൻ 20:17) ദൈവം യേശുവിന്റെ പിതാവായതുപോലെ എല്ലാവരുടേയും പിതാവാണെന്ന് ദ്യോതിപ്പിക്കുകയാണിവിടെ. താനൊരു മനുഷ്യനാണെന്ന വസ്തുതയും അർത്ഥശങ്കക്കിടയില്ലാത്തവിധം യേശുതന്നെ വ്യക്തമാക്കുകയുണ്ടായി.

"നിങ്ങൾ അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികളെ ചെയ്യുമായിരുന്നു. എന്നാൽ ദൈവത്തോട് കേട്ടിട്ടുള്ള സത്യം നിങ്ങളോട് തുറന്നുപറഞ്ഞിട്ടുള്ള മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു' (യോഹന്നാൻ 8:40)

ഒരു മനുഷ്യൻ മാത്രമായിരുന്ന ക്രിസ്തു എല്ലാ മനുഷ്യരേയുംപോലെ തിന്നുകയും കുടിക്കുകയും, സന്തോഷിക്കുകയും സഹതപിക്കുകയും, വെറുപ്പും, വേദനയും, ദുഃഖവും, കോപവും, ഭയവും, ഭീതിയും, അത്ഭുതവും, അസ്വസ്ഥതയുമെല്ലാം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ക്ഷീണവും ദാഹവും ഉറക്കവും മയക്കവും അദ്ദേഹത്തെ ബാധിച്ചിരുന്നു. തന്റെ സ്രഷ്ടാവും സംര

ക്ഷകനുമായ ദൈവത്തോട് യേശു ഇടക്കിടെ പ്രാർത്ഥിക്കുകയും ഉപവാസമനുഷ്ഠിക്കുകയും ചെയ്തിരുന്നു. പ്രവാചകത്വത്തിനുള്ള ദൃഷ്ടാന്തമായി തന്നിലൂടെ പ്രകടമായിരുന്ന അതിശയങ്ങളെ സ്വന്തം മഹിമയായി ഒരിക്കലും യേശു വിശേഷിപ്പിച്ചിരുന്നില്ല. സുവിശേഷങ്ങൾ തന്നെ വ്യക്തമാക്കുന്ന വസ്തുതകളാണിവ.

## പ്രവാചകൻ

ഒരു പ്രവാചകൻ മാത്രമായിരുന്ന യേശു തന്റെ ദൗത്യത്തെക്കുറിച്ച് പ്രഖ്യാപിച്ചതിതായിരുന്നു:

"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കുവാൻ വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത്". (മത്തായി 5:17)

ഈ പ്രഖ്യാപനം മറ്റു പ്രവാചകന്മാരിൽനിന്നും ഭിന്നമായി നൂതനമായൊരവകാശവാദവും യേശു പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്നു. മാനവതക്ക് മോചനത്തിന്റെയും മോക്ഷത്തിന്റെയും മാർഗ്ഗവുമായി ആഗതരായിക്കൊണ്ടിരുന്ന പ്രവാചക ശൃംഖലയിലെ ഒരിടക്കണ്ണിയുടെ സ്ഥാനമേ അവിടുന്ന് അവകാശപ്പെട്ടുള്ളൂ. യേശു പറഞ്ഞു.

"എന്റെ ഉപദേശം എന്റേതല്ല. എന്നെ അയച്ചവന്റേതത്രെ. അവന്റെ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും. സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു. തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു. നീതികേട് അവനിൽ ഇല്ല" (യോഹന്നാൻ 7 :16–18)

"എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു. അവനോടു കേട്ടതു തന്നെ ഞാൻ ലോകത്തോട് സംസാരിക്കുന്നു" (യോഹന്നാൻ 8:26)

"എന്നെ കൈകൊള്ളുന്നവനോ എന്നെ അയച്ചവനെ കൈകൊള്ളുന്നു" (ലൂക്കോസ് 9:48)

"എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു" (ലൂക്കോസ് 10:16) "സത്യത്തിന് സാക്ഷി നിൽക്കേണ്ടതിന് ഞാൻ

ജനിച്ചു. അതിനായി ലോകത്ത് വന്നുമിരിക്കുന്നു. സത്യതൽപര നായവൻ എല്ലാം എന്റെ വാക്ക് കേൾക്കുന്നു. (യോഹന്നാൻ 18:37)

ഒരു പ്രവാചകനിലുപരി യാതൊരു മഹത്വവുമവകാശപ്പെടാതിരുന്ന യേശു, ഒരു പ്രവാചകനെന്നേ സ്വയം വിശേഷിപ്പിച്ചിരുന്നുള്ളൂ. സുവിശേഷങ്ങളിലെ പല വാക്യങ്ങളും ഇത് ശരിവെക്കുന്നു. തന്റെ ജന്മദേശമായ നസറേത്തിൽനിന്നും പുറംതള്ളപ്പെട്ടപ്പോൾ ഈ വസ്തുത വളരെ വ്യക്തമായിതന്നെ യേശു പ്രസ്താവിക്കുകയുണ്ടായി.

“ഒരു പ്രവാചകൻ തന്റെ പിതൃ നഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല” (മർക്കൊസ് 6:4)

ഇതേ കാര്യം തന്നെ യോഹന്നാൻ 4:44ലും ലൂക്കൊസ് 4:24ലും രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരിക്കൽ യേശു പറയുകയുണ്ടായി.

‘എന്നെ കൈകൊള്ളുന്നവൻ എന്നെ അയച്ചവനെ കൈകൊള്ളുന്നു. പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈകൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും’ (മത്തായി 10:40)

ഹെരോദോവിന് തന്നെ വധിക്കാനുദ്ദേശമുണ്ടെന്നറിയിച്ച പരീശനോട് പറഞ്ഞ മറുപടിയിലും ഒരു പ്രവാചകനായാണ് യേശു സ്വയം വിശേഷിപ്പിച്ചത്. അവിടുന്ന് പറഞ്ഞു:

‘എങ്കിലും ഇന്നും നാളെയും മറ്റന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു. യെരുശലേമിന് പുറത്തുവെച്ച് ഒരു പ്രവാചകൻ നശിച്ചുപോകുന്നത് അസംഭവ്യമല്ലോ എന്നു പറവിൻ’ (ലൂക്കൊസ് 13:33)

പ്രവാചകനായ യോനയോടും യേശു തന്നെ സാമ്യപ്പെടുത്തുകയുണ്ടായി. ‘യോനാ നിനവേക്കാർക്ക് അടയാളം ആയതുപോലെ മനുഷ്യപുത്രൻ ഈ തലമുറക്കും ആകും’ (ലൂക്കോസ് 11:30)

തങ്ങളിലേക്ക് നിയോഗിക്കപ്പെട്ടിരുന്ന പ്രവാചകന്മാരെ നിഷേധിച്ചിരുന്ന ഒരു വിഭാഗം എല്ലാ കാലങ്ങളിലുമുണ്ടായിരുന്നു. യേശുവിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ മുൻപന്തിയിൽ നിന്നിരുന്നത് പരീശന്മാരാണ്. ഇവർ യേശുവിന്റെ പ്രവാചകത്വം

നിഷേധിക്കുക മാത്രമല്ല, അതിൽ വിശ്വസിക്കുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ നിരന്തരം ശ്രമിക്കുക കൂടി ചെയ്തിരുന്നു. യേശുവിന്റെ പ്രവാചകത്വം അംഗീകരിക്കുന്നതിൽ നിന്നും പ്രവാചകന്മാരെ പിന്തിരിപ്പിക്കാനായി മഹാപുരോഹിതന്മാരും പരീശന്മാരും നടത്തിയ ഒരു ശ്രമം യോഹന്നാന്റെ സുവിശേഷത്തിലിങ്ങനെ വിവരിക്കുന്നു:

'ചേവകർ മഹാ പുരോഹിതന്മാരുടേയും പരീശന്മാരുടെയും അടുക്കൽ മടങ്ങിവന്നപ്പോൾ അവർ അവരോട്: നിങ്ങൾ അവനെ (യേശുവിനെ) കൊണ്ടുവരാഞ്ഞത് എന്ത് എന്ന് ചോദിച്ചതിന്: ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരു നാളും സംസാരിച്ചിട്ടില്ല എന്ന് ചേവകർ ഉത്തരം പറഞ്ഞു. പരീശന്മാർ അവരോട് നിങ്ങളും തെറ്റിപ്പോയോ? പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? ന്യായപ്രമാണം അറിയാത്ത പുരുഷാരമോ ശപിക്കപ്പെട്ടവരാകുന്നു എന്ന് ഉത്തരം പറഞ്ഞു, അവരിൽ ഒരുത്തനായി മുമ്പെ അവന്റെ അടുക്കൽ വന്നിരുന്ന നിക്കൊദെമോസ് അവരോട്: ഒരു മനുഷ്യന്റെ വാമൊഴി ആദ്യം കേട്ടു, അവൻ ചെയ്യുന്നതു ഇന്നത് എന്ന് അറിഞ്ഞിട്ടല്ലാതെ നമ്മുടെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ എന്നുപറഞ്ഞു. അവർ അവനോടു നീയും ഗലീലക്കാരനോ? പരിശോധിച്ചുനോക്കുക' ഗലീലിയയിൽ നിന്ന് പ്രവാചകൻ എഴുന്നേൽക്കുന്നില്ലല്ലോ എന്നുത്തരം പറഞ്ഞു: (യോഹന്നാൻ 7:45–52) താൻ ദൈവമാണെന്നോ താൻ മാത്രമാണ് ദൈവപുത്രനെന്നൊ യേശു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. ഒരു പ്രവാചകനിലുപരിയായ വല്ല മഹത്വവും തനിക്കുള്ളതായി അദ്ദേഹം വല്ലപ്പോഴും വാദിച്ചിരുന്നുവെങ്കിൽ– ആവർത്തനപുസ്തകം 13:1–8ലെ വിധിപ്രകാരം ശത്രുക്കൾക്കദ്ദേഹം നിഷ്ക്കരുണം വധിക്കാമായിരുന്നു. പിലാത്തോസിന്റെ മുമ്പാകെ നടന്ന ന്യായ വിസ്താരവേളയിൽപോലും 'ഞാൻ യഹൂദന്മാരുടെ രാജാവ്' എന്നു യേശു പറഞ്ഞു എന്നതൊഴികെ മറ്റൊരാരോപണവും അദ്ദേഹത്തിന്റെ മേലുന്നയിക്കാൻ ശത്രുക്കൾക്ക് കഴിഞ്ഞില്ല. ഒരു പ്രവാചകനിലുപരിയായ വല്ല അവകാശവാദവും യേശു പുറപ്പെടുവിച്ചിരുന്നുവെങ്കിൽ ശത്രുക്കൾക്കതു ചൂണ്ടിക്കാണിക്കാൻ പറ്റിയ ഏറ്റവും

നല്ല അവസരമായിരുന്നു അത്. പക്ഷെ, യേശു മരണയോഗ്യമായതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു പറയാനേ അദ്ദേഹത്തെ വിസ്തരിച്ച പിലാത്തോസിനുപോലും അവസാനം നിവൃത്തിയുണ്ടായുള്ളൂ.

ജനങ്ങൾ യേശുവിന്റെ പ്രവാചകത്വമംഗീകരിക്കുന്നത് പുരോഹിതന്മാർക്കും പരീശന്മാർക്കും അസഹ്യമായിരുന്നു. വിശ്വാസികൾ വർദ്ധിച്ചാൽ സമൂഹത്തിൽ തങ്ങൾക്കുള്ള സ്ഥാനമാനങ്ങൾക്കു കോട്ടം തട്ടുമെന്ന ഭയമായിരുന്നു ഇതിനു മുഖ്യ ഹേതു. അതുകൊണ്ടാണ് ക്രിസ്തുവിനെ ഒരു പ്രവാചകനായി മനസ്സിലാക്കുന്നതിൽ നിന്നും സാധാരണക്കാരെ പിന്തിരിപ്പിക്കാനായി പരീശന്മാരും പുരോഹിതന്മാരും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നത്. ഒരു പരീശൻ യേശുവിന്റെ പ്രവാചകത്വത്തിൽ സംശയിക്കുന്നതു നോക്കുക.

'അവനെ (യേശുവിനെ) ക്ഷണിച്ച പരീശൻ അതുകണ്ടിട്ട്: ഇവൻ (യേശു) പ്രവാചകൻ ആയിരുന്നു എങ്കിൽ തന്നെത്തൊടുന്ന സ്ത്രീ ആരെന്നും എങ്ങിനെയുള്ളവൾ എന്നും അറിയുമായിരുന്നു; അവൾ പാപിയല്ലോ എന്നു ഉള്ളിൽ പറഞ്ഞു' (ലൂക്കോസ് 7:39)

തന്റെ സമകാലീനരായ വിശ്വാസികൾ യേശുവെ ഒരു പ്രവാചകനായാണ് ഗണിച്ചത്. അദ്ദേഹത്തിലൂടെ പ്രകടമായിരുന്ന അത്ഭുതസംഭവങ്ങളെ പ്രവാചകത്വത്തിനുള്ള ദിവ്യദൃഷ്ടാന്തങ്ങളായിട്ടാണ് അവർ മസ്സിലാക്കിയിരുന്നത്. അതിശയങ്ങൾ പ്രവർത്തിച്ചിരുന്ന യേശുവിൽ അതുമൂലം ജനങ്ങൾ പ്രവാചകത്വം ദർശിച്ചു എന്നല്ലാതെ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ 'ദൈവ' പരിവേഷമണിയിക്കാൻ അതൊരുമാനദണ്ഡമാക്കിയിട്ടില്ല.

'അവൻ (യേശു) ചെയ്ത അടയാളം ആളുകൾ കണ്ടിട്ടു: ലോകത്തിലേക്കു വരാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു'. (യോഹന്നാൻ 6:14)

'അവൻ (യേശു) യെരുശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി: ഇവൻ ആർ എന്നു പറഞ്ഞു. ഇവൻ ഗലീലിയയിലെ നസറേത്തിൽനിന്നുള്ള പ്രവാചകനായ യേശു എന്നു പുരുഷാരം പറഞ്ഞു' (മത്തായി 21:10–11)

തന്റെ ശിഷ്യന്മാർക്കിടയിൽപോലും ഒരുപ്രവാചകനെന്നതിൽ കവിഞ്ഞു യേശു മനസ്സിലാക്കപ്പെട്ടിരുന്നില്ല.

ശിഷ്യന്മാരുമായി നടന്ന ഒരു സംഭാഷണം നോക്കുക: "വഴിയിൽവെച്ചു ശിഷ്യന്മാരോട്: ജനങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്ന് ചോദിച്ചു: യോഹന്നാൻ സ്നാപകനെന്നു ചിലർ, ഏലിയാവെന്നു ചിലർ, പ്രവാചകന്മാരിൽ ഒരുത്തൻ എന്നു മറ്റു ചിലർ എന്നു അവർ ഉത്തരം പറഞ്ഞു. അവൻ അവരോട്: എന്നാൽ നിങ്ങൾ എന്നെ ആർ എന്നു പറയുന്നു എന്നു ചോദിച്ചതിന്നു: നീ ക്രിസ്തു ആകുന്നു എന്നു പത്രൊസ് ഉത്തരം പറഞ്ഞു' (മർക്കൊസ് 8:28, 29)

മഹാപുരോഹിതന്മാരും പരീശന്മാരും യേശുവിനെ ഉപദ്രവിക്കാൻ ഭയപ്പെട്ടിരുന്നത് ജനങ്ങൾ അദ്ദേഹത്തെ ഒരു പ്രവാചകനായി കരുതിയിരുന്നതുകൊണ്ടാണ്.

അവന്റെ (യേശുവിന്റെ) ഉപമകളെ മഹാപുരോഹിതന്മാരും പരീശരും കേട്ടിട്ട്, തങ്ങളെക്കൊണ്ട് പറയുന്നു എന്നു അറിഞ്ഞു, അവനെ പിടിപ്പാൻ അന്വേഷിച്ചു; എന്നാൽ പുരുഷാരം അവനെ പ്രവാചകൻ എന്നു എണ്ണുകകൊണ്ടു അവരെ ഭയപ്പെട്ടു' (മത്തായി 21:46)

യേശുവിന്റെ കരസ്പർശനത്താൽ തന്റെ കാഴ്ച തിരിച്ചുകിട്ടിയ ഒരു കുരുടൻപോലും യേശുവെ 'ദൈവ'മാക്കാൻ മുതിരാതെ അദ്ദേഹം ഒരു പ്രവാചകനാണെന്ന് സാക്ഷ്യം വഹിക്കുകയാണുണ്ടായത്.

'അവർ (പരശർ) പിന്നെയും കുരുടനോട് നിന്റെ കണ്ണ് തുറന്നതുകൊണ്ട് നീ അവനെക്കുറിച്ചു എന്തുപറയുന്നു എന്നു ചോദിച്ചതിന്നു, അവൻ (യേശു) ഒരു പ്രവാചകൻ എന്നു അവൻ പറഞ്ഞു'. (യോഹന്നാൻ 9:17)

യേശുവിന്റെ ശിക്ഷണങ്ങളും ഒരു പ്രവാചകനായി അവിടുന്നു സ്വയം പരിചയപ്പെടുത്തിയതും തന്റെ ശിഷ്യരും സമകാലീനരും ഒരു പ്രവാചകനായി മാത്രം അദ്ദേഹത്തെ ഗണിച്ചതും, മഹാപുരോഹിതന്മാരും പരീശന്മാരും സ്വാഭാവികമായും അതിനെ എതിർത്തതും ക്രിസ്തു ഒരു പ്രവാചകൻ മാത്രമായിരുന്നു എന്ന സത്യത്തെയാണ് സ്ഥിരീകരിക്കുന്നത്.

പ്രസിദ്ധ ക്രൈസ്തവ പണ്ഡിതനായ റവ: ചാൾസ് ആന്റേഴ്സൺസ്ക്കോട്ട് എഴുതുന്നു:

'ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും തൽകർത്താക്കൾക്കു യേശു ഒരു അമാനുഷനാണെന്നു വിശ്വാസമുണ്ടായിരുന്നതായി വ്യക്തമാക്കുന്ന യാതൊരു സൂചനയുമില്ല. അവരുടെ ദൃഷ്ടിയിൽ അദ്ദേഹം ഒരു മനുഷ്യനായിരുന്നു. ദൈവീകാത്മാവിനാൽ അനുഗ്രഹീതമായ സുവിശേഷ വ്യക്തി പ്രവാചകനെന്ന നിലക്ക് തന്നെയായിരുന്നു ക്രിസ്തു സ്വയം പരിചയപ്പെടുത്തിയിരുന്നതെന്ന് സുവിശേഷങ്ങളിലെ വിവിധ വാക്യങ്ങൾ വ്യക്തമാക്കുന്നുണ്ട് (Encyclopaedia Britanica XIV Edition 'Jesus Christ' എന്ന ലേഖനത്തിൽ നിന്ന്)

ഇതത്രെ ഖുർആൻ പറഞ്ഞത്: 'മർയമിന്റെ പുത്രൻ മസീഹ് ഒരു ദൈവദൂതനല്ലാതെ മറ്റാരുമല്ല. അദ്ദേഹത്തിനുമുമ്പും നിരവധി ദൈവദൂതന്മാർ കഴിഞ്ഞുപോയിട്ടുള്ളതാകുന്നു' (ഖുർആൻ 5: 75))

## ഏകദൈവാദർശത്തിന്റെ പ്രബോധകൻ

ലോകത്ത് ആഗതരായ എല്ലാ പ്രവാചകന്മാരെയും പോലെ യേശുവും ഏക ദൈവാദർശത്തിന്റെ പ്രബോധകനായിരുന്നു. തന്റെ വ്യക്തിത്വത്തിൽ, ദൗത്യത്തിന്റേതിനു പകരം, ദൈവത്തിന്റെ പദവി ചാർത്തപ്പെടാനുള്ള സാദ്ധ്യതകളെക്കുറിച്ച് തികച്ചും ബോധവാനായിരുന്ന സൂക്ഷ്മദൃക്കായ യേശു തന്നെക്കുറിച്ച് 'ദൈവപുത്രൻ' എന്നല്ല 'മനുഷ്യപുത്രൻ' എന്നാണ് പറഞ്ഞത്. മാത്രമല്ല, തന്റെ 'നല്ലവൻ' 'കർത്താവ്' എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതു പോലും യേശുവിനു അരോചകമായിരുന്നു.

'ഒരു പ്രമാണി അവനോട് നല്ല ഗുരോ, ഞാൻ നിത്യ ജീവനെ അവകാശമാക്കേണ്ടതിന്ന് എന്തു ചെയ്യണം എന്ന് ചോദിച്ചു. അതിന് യേശു എന്നെ നല്ലവൻ എന്നുപറയുന്നതെന്ത്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല. (ലൂക്കൊസ് 18:18, 19, മാർക്കോസ് 10:17)

മറ്റൊരിക്കൽ യേശു പറഞ്ഞു: 'എന്നോട് കർത്താവേ, കർത്താവേ എന്നുപറയുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ

എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്' (മത്തായി 7:21)

പൂർണ്ണമായും ഏകദൈവാദർശത്തിലൂന്നിക്കൊണ്ടുള്ള ബൈബിൾ പഴയ നിയമത്തിലെ പ്രതിപാദനങ്ങളൊഴിച്ചുനിർത്തി, സുവിശേഷങ്ങളിൽ യേശു നേരിൽ പറഞ്ഞതായുദ്ധരിച്ച വാക്യങ്ങൾ മാത്രമെടുത്ത് പരിശോധിച്ചാൽ അവയിലെല്ലാം തന്നെ ദൈവത്തിന്റെ ഏകത്വത്തിന് പരമമായ ഊന്നൽ നൽകിയിട്ടുള്ളതായി കാണാൻ കഴിയും, സുവിശേഷങ്ങളിലെ ചില വാക്യങ്ങളിതാ:

"യിസ്രായേലേ, കേൾക്ക നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്, നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടി സ്നേഹിക്കണം" (മാർക്കോസ് 12:30)

"നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ" (മത്തായി 4:10, ലൂക്കൊസ് 4:8)

"ശാസ്ത്രി അവനോട്: നന്നു ഗുരോ, നീ പറഞ്ഞത് സത്യം തന്നെ. ഏകനേയുള്ളൂ, അവനല്ലാതെ മറ്റൊരുത്തനുമില്ല... അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്ന് യേശു കണ്ടിട്ട്, നീ സ്വർഗ്ഗത്തോട് അകന്നവനല്ല എന്നു പറഞ്ഞു" (മാർക്കൊസ് 12:32–34)

'രണ്ട് ജയമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല. അവൻ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമ്മോനേയും സ്നേഹിക്കാൻ കഴിയില്ല' (ലൂക്കോസ് 16:13, മത്തായി 6:24)


"ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. അന്വേഷിക്കുകയും വിധിക്കയും ചെയ്യുന്നവൻ ഒരുവനുണ്ട്' (യോഹന്നാൻ 8:50)


'ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല: ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല. ഇത് നിങ്ങൾ അറിയുന്നെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ' (യോഹന്നാൻ 13:16–17)


പല പരിഷ്കരണങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമായ നിലവിലുള്ള ബൈബിളിലെ വിവരണങ്ങളിൽ പോലും, യേശു ഒരി

ക്കലും താൻ ദൈവമാണെന്ന് വാദിക്കുകയോ സ്വയം സ്രഷ്ടാവായി വിശേഷിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നത് അനിഷേധ്യമായൊരു വസ്തുതയാണ്.

## More others




للمساهمة في مشروع طباعة الكتب :

لجنة التعريف بالإسلام
Islam Presentation Committee

لجنة التعريف بالإسلام - شارع فهد السالم - مسجد الملا صالح - تلفون - ٢٤٥٠٨٨١ - ٢٤٥٠٨٨١ فاكس: ٢٤٠٠٠٥٧
P.O.Box : 1613 Safat 13017 Tel.: 2450881 - Ext. 188 Fax : 2400057
Website:http://www.islam.com.kw E-mail: ipc@islam.com.kw
فرع الروضة نساء: ٢٥١١٣٠٥ فرع الجهراء ٤٥٥٨٨٣٠/٤٠ فرع الأحمدي: ٣٩٢١٥٢٦/٧
Al- Rawda Branch (Women) : 2511305 Jahra Branch: 4558830/40 Ahmadi Branch: 3921526/7